പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2003 08.03.2018 ലെ മറുപടിക്ക്

**കയർ സൊസൈറ്റികൾക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ സൊസൈറ്റികൾക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ നൽകാറുണ്ടോ; എങ്കിൽ ഈ സർക്കാർ നാളിതുവരെയായി ഏതെല്ലാം സംഘങ്ങൾക്ക് ഏതെല്ലാം മെഷീനുകൾ നൽകിയെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) കയർ സൊസൈറ്റികൾക്ക് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ നൽകാറുണ്ട്. ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് താഴെ പറയുന്ന മെഷീനുകൾ നൽകിയിട്ടുണ്ട്.<br>1. ഇലക്ട്രോണിക് റാട്ട് - 10 പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന 233 സംഘങ്ങൾക്കായി 2525 എണ്ണം.<br>2. ഡീഫൈബറിംഗ് മെഷീനുകൾ (15 എച്ച്.പി) - 3 പ്രോജക്ടുകളുടെ കീഴിൽ വരുന്ന 19 സംഘങ്ങൾക്കായി 19 എണ്ണം<br>3. വില്ലോയിംഗ് മെഷീൻ - 4 പ്രോജക്ടുകൾക്ക് കീഴിൽ വരുന്ന 38 സംഘങ്ങൾക്കായി 46 എണ്ണം<br>4. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ - തൃശ്ശൂർ പ്രോജക്ടിന് കീഴിൽ വരുന്ന 5 സംഘങ്ങൾക്കായി 10 എണ്ണം |
| ബി) ഇപ്രകാരം ലഭ്യമാക്കിയ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ ഡീഫൈബറിംഗ്, സെമി ഓട്ടോമാറ്റിക്, ഓട്ടോമാറ്റിക് ലും എന്നീ ഇനങ്ങളിൽപ്പെട്ട മെഷീനുകൾ എത്ര വീതമുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | |
| സി) ഇവയെ കൂടാതെ മറ്റ് ഏതെങ്കിലും മെഷീനുകൾ നല്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | സി) മേൽപ്പറഞ്ഞവ കൂടാതെ മറ്റ് മെഷീനുകളൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

9